Draft #3 of File 86442/AC A1-3/2021/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 08-Sep-2021 02:34 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഗവ.സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ - B. A. Sanskrit(Jyothisha) - 2021-2022 അദ്ധ്യയന വർഷം മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ചുകൊണ്ടും മാർജിനൽ സീറ്റ് വർദ്ധനവിനുള്ള ഫീസ് ഒഴിവാക്കിക്കൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 4462/AC A 1/2021/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 08.09.2021

---

*പരാമർശം:*-1.06.06.2021,17.06.2021, 24.06.2021 തീയതികളിലെ സർവ്വകലാശാല വിജ്ഞാപനം നം.84049/ACA1-3/2021/VC SECTION.

2. തൃപ്പൂണിത്തുറ, ഗവണ്മെന്റ് സംസ്കൃത കോളേജ് പ്രിൻസിപ്പാൾ സമർപ്പിച്ച അപേക്ഷ.

**<u>ഉത്തരവ്</u>**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻറ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന വിവിധ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ നാമമാത്ര സീറ്റ് വർദ്ധനവിനായി പരാമർശം (1) പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു.

ടി വിജ്ഞാപന പ്രകാരം തൃപ്പൂണിത്തുറ, ഗവണ്മെന്റ് സംസ്കൃത കോളേജ് പ്രിൻസിപ്പൽ ടി കോളേജിൽ നടത്തപ്പെടുന്ന B.A Sanskrit(Jyothisha) പ്രോഗ്രാമിന്റെ മാർജിനൽ സീറ്റ് വർദ്ധനവിനായി അപേക്ഷ സമർപ്പിക്കുകയും ടി കോളേജ് സർക്കാർ കോളേജായതിനാൽ മാർജിനൽ സീറ്റ് വർദ്ധനവിനുള്ള ഫീസ് ഒഴിവാക്കി നൽകണമെന്നും പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

ടി അപേക്ഷ പരിഗണിച്ചുകൊണ്ട് തൃപ്പൂണിത്തുറ, ഗവണ്മെന്റ് സംസ്കൃത കോളേജിൽ നടത്തപ്പെടുന്ന B. A Sanskrit(Jyothisha) പ്രോഗ്രാമിന് മാർജിനൽ സീറ്റ് വർദ്ധനവിനുള്ള ഫീസ് ഒഴിവാക്കിക്കൊണ്ട് മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കുവാൻ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

**<u>B. A. Sanskrit(Jyothisha)പ്രോഗ്രാമിന് 2021-22 അദ്ധ്യയന വർഷം മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ചതിൻറെ വിശദാംശങ്ങൾ</u>**

| Sl. No | College | Course | Sanctioned Strength | Marginal increase of Seats | Total |
|---|---|---|---|---|---|
| 1. | Govt Sanskrit College, Tripunithura | B. A. Sanskrit (Jyothisha) | 12 | 3 | 15 |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

മേൽപ്പറഞ്ഞ വർദ്ധനവ് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

1. അധിക ജീവനക്കാരെ നിയമിക്കലും പഠന - ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കലും വഴി സർക്കാരിനോ സർവ്വകലാശാലയ്ക്കോ അധിക ബാദ്ധ്യത ഉണ്ടാവാൻ പാടില്ല.

2. സീറ്റുകളുടെ എണ്ണത്തിലുള്ള വർദ്ധനവനുസരിച്ച് ലാബിലും ലൈബ്രറിയിലും മതിയായ സൗകര്യങ്ങൾ ഉണ്ടാവേണ്ടതാണ്.

3. വിദ്യാർത്ഥി പ്രവേശനം, അനുവദിക്കപ്പെട്ട സീറ്റുകൾക്കും മാർജിനൽ വർദ്ധനവിനും അനുസൃതമായിരിക്കണം.

4. പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ പട്ടിക സർവ്വകലാശാലയിൽ അടയ്ക്കേണ്ട നിശ്ചിത ഫീസുകളുടെ വിവരങ്ങൾ സഹിതം സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

5. പ്രവേശന വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ മാർജിനൽ വർദ്ധനവിനും ബാധകമാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. പ്രിൻസിപ്പൽ , ഗവ. സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ.
2. വൈസ് ചാൻസലർ/ പ്രൊ- വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർ
3. രജിസ്ട്രാർ/പരീക്ഷ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
4 . ബന്ധപ്പെട്ട ജെ ആർ/ഡി ആർ/ എ ആർ (ഭരണം/അക്കാദമിക്/പരീക്ഷ)
5. അന്വേഷണം/ഇന്റേണൽ ഓഡിറ്റ് 1/ യൂണിവേഴ്സിറ്റി വെബ് സൈറ്റ്
6. ബന്ധപ്പെട്ട പരീക്ഷാ സെക്ഷനുകൾ
7. എ സി എ 1/ എ സി ബി 6/ സിറ്റാഡ്
8. കണ്ടെന്റ് മാനേജ്മെന്റ് /ഐ ക്യൂ എ സി
9. കരുതൽ ഫയൽ/ഫയൽ കോപ്പി / റെക്കാർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 86442/AC A1-3/2021/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 08-Sep-2021 02:34 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം